# മാംസാഹാരം മനുഷ്യനുള്ളതല്ല

*(മാംസാഹാരം മനുഷ്യനു യോജിച്ചതോ വിധിച്ചതോ അല്ല എന്നു സ്ഥാപിക്കുന്ന ചില തെളിവുകൾ നിരത്തുകയാണിവിടെ. മാംസാഹാരം കഴിക്കുന്നതുമൂലം മനുഷ്യനുണ്ടാകുന്ന അസ്വാസ്ഥ്യങ്ങളും അസുഖങ്ങളും വിശദീകരിക്കുന്ന മറ്റൊരു ലേഖനം തുടർന്നു പ്രസിദ്ധീകരിക്കുന്നതാണ്. സസ്യാഹാരസമിതിയുടെ ഒരു ലഘുലേഖയാണ് ഈ ലേഖനത്തിനാധാരം- പത്രാധിപർ)*

## പല്ലുകളും വായും

മാംസഭുക്കിന് മാംസം കടിച്ചുകീറാൻ കൂർത്ത മുൻനിര പല്ലുകളുണ്ട്. ചവച്ചരയ്ക്കാനുള്ള അണപ്പല്ലുകളില്ല. ഇവയെ വിഴുങ്ങാനായി വായ് വലിയ വിസ്താരത്തിൽ മേലോട്ടും കീഴോട്ടും തുറക്കുന്നു. വശങ്ങളിലേക്കു താടിയെല്ല് ചലിക്കില്ല. മാംസം ദഹിപ്പിക്കാനായി ഉമിനീരിന് അമ്ലഗുണം.

മനുഷ്യനാകട്ടെ കൂർത്ത മുൻനിര പല്ലുകളില്ല. സസ്യം ചവച്ചരയ്ക്കാൻ പരന്ന അണപ്പല്ലുകളുണ്ട്. ചവച്ചരയ്ക്കാനായി താടിയെല്ലുകൾ വശങ്ങളിലേക്കു ചലിക്കുന്നു. അധികം വിസ്താരത്തിൽ വായ് തുറക്കാനാവില്ല. അന്നജം ദഹിപ്പിക്കാനായി ഉമിനീരിനു ക്ഷാരഗുണം.

## നഖങ്ങൾ


മാംസഭുക്കിന് ഇര തേടാൻ കൂർത്ത നഖങ്ങൾ കാണും. മനുഷ്യനാകട്ടെ, കൂർത്ത നഖങ്ങളില്ല. പഴങ്ങളും പച്ചക്കറികളും പറിക്കാൻ പാകത്തിൽ മറ്റു വിരലുകളുടെ എതിരെ പിടിക്കാവുന്ന തള്ളവിരലോടുകൂടിയ കൈകളുണ്ട്.

## വിയർപ്പ്

മാംസഭുക്കിന് ത്വക്കിൽ വിയർക്കാനുള്ള സുഷിരങ്ങളില്ല; വിയർക്കുന്നത് നാവിലൂടെയാണ്. മനുഷ്യനാകട്ടെ ത്വക്കിലൂടെയാണ് വിയർക്കുന്നത്.

## കുടൽ

അധികനേരം വയറ്റിൽ കിടന്നാൽ ജീർണിച്ചു വിഷാംശം ഉണ്ടാക്കുന്ന മാംസം വേഗം പുറത്തുപോകാൻ വേണ്ടി ശരീരത്തിന്റെ മൂന്നിരട്ടി മാത്രം നീളമുള്ള കുടലാണ് മാംസഭുക്കിനുള്ളത്. അകത്ത് ഞൊറിവുകളില്ല. മനുഷ്യനാകട്ടെ ശരീരത്തിന്റെ



12 ഇരട്ടി നീളമുള്ള കുടലാണുള്ളത്. അകത്ത് ഞൊറിവുകളുണ്ട്.

## ദഹനരസം

മാംസഭുക്കിന്റെ വയറ്റിൽ മാംസം ദഹിപ്പിക്കാനുള്ള ശക്തിയുള്ള ഹൈഡ്രോക്ലോറിക് ആസിഡുണ്ട്. മനുഷ്യന്റെ വയറ്റിൽ മാംസഭുക്കുകളുടെ ഇരുപതിലൊന്ന് മാത്രം തീവ്രതയുള്ള ആസിഡാണുള്ളത്.

## ഉറക്കം, കാഴ്ച

മാംസഭുക്ക് പകൽ ഉറങ്ങുന്നു. രാത്രി ഉണർന്നിരിക്കുന്നു. രാത്രി കാഴ്ചയുണ്ട്. ഇര തേടാനുള്ള സൗകര്യത്തിനുവേണ്ടിയാണിത്.

മനുഷ്യൻ പകൽ ഉണർന്നിരിക്കുന്നു. രാത്രിയാണുറക്കം. രാത്രി കാഴ്ചയില്ലതാനും.

## കണ്ണ്

മാംസഭുക്ക് ജനിച്ചുവീഴുമ്പോൾ കണ്ണടച്ചിരിക്കുന്നു.

മനുഷ്യൻ ജനിക്കുമ്പോൾ കണ്ണ് തുറന്നിരിക്കുന്നു.

## വെള്ളം

മാംസഭുക്ക് നക്കി കുടിക്കുകയാണ്. മനുഷ്യനാകട്ടെ വലിച്ചു കുടിക്കുന്നു

## സ്വാഭാവിക ആകർഷണം

മാംസഭുക്ക് തന്റെ ഇരയായ ജന്തുക്കളെ കാണുമ്പോൾ വിശപ്പുള്ളപ്പോൾ ചാടിവീഴുന്നു. മനുഷ്യനാകട്ടെ വിശപ്പുള്ളപ്പോഴും മൃഗങ്ങളെ കണ്ടാൽ ഭക്ഷണമായി തോന്നില്ല, പഴങ്ങൾ കണ്ടാൽ പറിച്ചു തിന്നാൻ തോന്നും താനും.

## അപകടം

മാംസഭുക്ക് അപകടത്തിൽപ്പെട്ട ജീവിയെ കണ്ടാൽ ആർത്തിയോടെ ചോര നക്കി കുടിക്കുന്നു, മാംസം ഭക്ഷിക്കുന്നു. മനുഷ്യനാകട്ടെ ഇത്തരമൊരു ദൃശ്യം കണ്ടാൽ വേദന തോന്നുന്നു, അല്ലെങ്കിൽ അറപ്പ് തോന്നുന്നു.

## മുഖ്യശാരീരിക ധർമ്മം

സസ്യഭുക്കുകളുടെ എണ്ണം നിയന്ത്രിച്ച് സസ്യങ്ങൾക്കു വംശനാശം വരാതിരിക്കാൻ പ്രകൃതി നിയോഗിച്ചിരിക്കുകയാണ് മാംസഭുക്കുകളെ. മനുഷ്യനെയാകട്ടെ, പഴങ്ങൾ കഴിച്ചു വിത്ത് വലിച്ചെറിഞ്ഞ് വിതരണം നടത്താൻ നിയോഗിച്ചിരിക്കുകയാണ് പ്രകൃതി.

## നിഗമനം

മാംസഭുക്കുകളുടെ വഴിയേയല്ല മനുഷ്യന്റേത്. സസ്യഭുക്കിന്റേതാണുതാനും. സസ്യഭുക്കുകളുടെ പൊതു സ്വഭാവങ്ങളോടാണ് മനുഷ്യന് കൂടുതൽ അടുപ്പം. മുകളിൽ ചൂണ്ടിക്കാണിച്ചതുകൂടാതെ മറ്റു വ്യത്യാസങ്ങളും സാമ്യങ്ങളും കൂടി ഒന്നു നിരീക്ഷിച്ചുനോക്കൂ. പ്രകൃതി മനുഷ്യനു വിധിച്ചിട്ടില്ലാത്ത മാംസഭക്ഷണം എന്തിനാണ് മനുഷ്യർ കഴിക്കുന്നത്.

**മാംസാഹാരത്തിന്റെ അളവ് കുറയ്ക്കുക**

**സസ്യാഹാരത്തിന്റെ അളവ് കൂട്ടുക**